## 3. വിവിധ കലാരൂപങ്ങൾ

### (i) വാസ്തുവിദ്യ

ഇസ്‌ലാമിക കലയുടെ ഏറ്റവും പ്രൗഢമായ ആവിഷ്കാരങ്ങൾ കെട്ടിടങ്ങളാണ്. കഅ്ബഃയെപ്പോലെ അതീവ ലളിതമായിരുന്നു മദീനഃയിൽ നബി പണിത പള്ളിയുടെ നിർമിതി. ഈത്തപ്പനത്തടിയുടെ തൂണുകളും വെയിലത്തു ണക്കിയ മൺകട്ടകൾകൊണ്ടു പണിത ചുമരുകളും ഈത്തപ്പനയോലയുടെ മേല്ക്കൂരയുമാണ് നബിയുടെ പള്ളിക്കു ണ്ടായിരുന്നത്. വിശാലമായ അകത്തളം പ്രാർഥനക്കും വിശ്രമത്തിനുമായുപയോഗിച്ചു. പള്ളിക്കു ചുറ്റും പണിത കൊച്ചു വീടുകളിലായിരുന്നു നബിയും പത്നിമാരും താമസിച്ചിരുന്നത്. പള്ളിയുടെ നിർമിതിക്ക് പ്രത്യേകമായ തച്ചു ശാസ്ത്രമൊന്നും നബി നിർദേശിച്ചിട്ടില്ല. സിറിയയിൽ മുസ്‌ലിംകൾ ക്രിസ്ത്യാനികളിൽനിന്ന് അവരുടെ പള്ളികൾ വിലയ്ക്കു വാങ്ങിയിരുന്നു. കൂഫഃയിലും ബസ്റഃയിലും ഈജിപ്തിലുമൊക്കെ നബിയുടെ പള്ളിയുടെ മാതൃക അനുകരിക്കുകയാണ് ചെയ്തത്. പ്രാർഥനക്കായി വിശാലമായ തുറന്ന നടുമുറ്റം ഉപയോഗിക്കുകയും വിശ്രമത്തിന് മേല്ക്കൂരയുള്ള ചരിവുകൾ ഉപയോഗിക്കുകയും ചെയ്തു. ആർഭാടങ്ങളൊന്നുമില്ലാത്ത ഈ മാതൃക നാഗരികത യുടെ വികാസത്തോടെ തിരോഭവിക്കുകയും പുതിയ രീതിയിലുള്ള സൗധങ്ങൾ ധാരാളമായി നിർമിക്കപ്പെടുകയും ചെയ്തു. ഉമവീ വാഴ്ചക്കാലത്താണ് ഈ മാറ്റമുണ്ടായത്. ഖലീഫഃ അബ്ദുൽ മലിക്(685–705) ആണ് കെട്ടിട നിർമാണ രംഗത്ത് കലാപരമായ ആർഭാടങ്ങൾക്ക് തുടക്കം കുറിച്ചത്. മുസ്‌ലിംകളുടെ പ്രഥമ ഖിബ്‌ലഃയായ മസ്ജി ദുൽ അഖ്സാക്ക് അബ്ദുൽ മലിക് പണികഴിപ്പിച്ച ഖുബ്ബതുസ്സഖ്റഃ (**Dome of the Rock**) ഇസ്‌ലാമിക വാസ്തുവിദ്യ യുടെ ആദ്യത്തെ ഉജ്ജ്വല മാതൃകയാവുന്നു. സിറിയയിലെയും ഫിലസ്തീനിലെയും ബൈസാന്തിയൻ വാസ്തു ശില്പങ്ങളുമായി ഖുബ്ബതുസ്സഖ്റഃയ്ക്ക് ഘടനാപരമായ സാദൃശ്യങ്ങളുണ്ട്. എന്നാൽ ബൈസാന്തിയൻ വാസ്തു ശില്പങ്ങളിൽ കാണുന്നതുപോലെയുള്ള മനുഷ്യ-മൃഗ ചിത്ര രൂപങ്ങളൊന്നും ഖുബ്ബതുസ്സഖ്റഃയിലില്ല. മറ്റു തരത്തി ലുള്ള അലങ്കാര വേലകളും ഖുർആൻ കൈയെഴുത്തുകളുമാണ് ഖുബ്ബതുസ്സഖ്റഃയെ അലങ്കരിക്കുന്നത്. ജറൂസലമിൽ ഇസ്‌ലാമിന്റെ സാന്നിധ്യം വിളിച്ചറിയിക്കുന്നതായിരുന്നു ഈ വാസ്തു ശില്പം.

ഉമവീ ഖലീഫഃ അബ്ദുൽ മലികിന്റെ പുത്രൻ അൽവലീദ് ദമസ്കസിൽ പണിത മസ്ജിദാണ് ഉമവീ വാസ്തു ശില്പത്തിന്റെ മറ്റൊരു ഉത്തമ ദൃഷ്ടാന്തം. 1893-ലെ അഗ്നിബാധയിൽ കേടുപാടു സംഭവിക്കുന്നതു വരെ ദമസ്കസ് മസ്ജിദ് അതേ പടി നിലനിന്നിരുന്നു. വിശാലമായ നടുമുറ്റവും ചുറ്റും ആർക്കേഡും ഉള്ളതായിരുന്നു ഈ പള്ളി. അകത്തേക്ക് തിരിഞ്ഞുനില്ക്കുന്ന മുഖപ്പ് (**Faced**) ഈ മസ്ജിദിന്റെ പ്രത്യേകതയത്രെ. ഇസ്‌ലാമിക വാസ്തു വിദ്യ യുടെത്തന്നെ ഒരു പൊതു സവിശേഷതയായി ഇതു പരിഗണിക്കപ്പെടുന്നു. മാർബിളും ഗ്ലാസ് മൊസെയ്ക്കുംകൊണ്ട് പള്ളി മുഴുവൻ സമൃദ്ധമായി അലങ്കരിച്ചിരുന്നു. ഖുബ്ബതുസ്സഖ്റഃയിലേതുപോലെ ഖുർആൻ വാക്യങ്ങൾ ചിത്രപ്പണി കളോടെ ചുമരുകളിൽ ആലേഖനം ചെയ്യുകയും ചെയ്തു. വൃക്ഷഛായയിൽ ഒഴുകുന്ന അരുവിയും ഈ പള്ളിയിലെ ചിത്ര വേലയിൽ ഉൾപ്പെടുന്നു.

നബിയുടെയോ സച്ചരിതരായ ആദ്യ ഖലീഫഃമാരുടെയോ മാതൃകകൾ പരിഗണിക്കാതെയാണ് ഉമവീ കാലത്തെ ആഡംബരങ്ങൾ എന്ന വിമർശനമുണ്ട്. മൃഗയാ വിനോദങ്ങളുടെയും മറ്റും ചിത്രങ്ങൾ ആലേഖനം ചെയ്തതിനെ തിരെ ശക്തമായ വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഇസ്‌ലാമിക കലയുടെ പ്രാരംഭ കാലത്തു സംഭവിച്ച സ്വാഭാവികമായ വ്യതിയാനങ്ങൾ മാത്രമായി ഇവയെ കാണുന്ന കലാചരിത്രകാരന്മാരുമുണ്ട്.

അനേകം കൊട്ടാരങ്ങളും കോട്ടകളും രാജഭവനങ്ങളും ഉമവികൾ പണികഴിപ്പിച്ചിരുന്നു. ഇവയിൽ പലതിന്റെയും അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ ഉത്ഖനനങ്ങളിലൂടെ കണ്ടെടുത്തിട്ടുണ്ട്. ഖസ്റുൽ ഖൈർ, ഖുസൈറു അംറാ, ഖിർസതുൽ മഫ്ജർ, മശാത്വാ ഇവ ഉദാഹരണം.

അബ്ബാസികൾ അധികാരത്തിൽ വന്നതോടെ (ക്രി. 750) ഖിലാഫതിന്റെ തലസ്ഥാനം സിറിയയിൽനിന്നു ബഗ്ദാദി ലേക്കു മാറി. നിയതമായ ഒരു ഇസ്‌ലാമിക വാസ്തുവിദ്യാ സമ്പ്രദായം ഉരുത്തിരിഞ്ഞു വന്നത് അബ്ബാസികളുടെ കാലത്താണ്. കലാ-സാഹിത്യ-ശാസ്ത്ര പ്രവർത്തനങ്ങളെ അബ്ബാസീ ഖലീഫഃമാർ ഉദാരമായി പ്രോത്സാഹിപ്പിച്ചിരു ന്നു. ബഗ്ദാദ് കലയുടെയും സാഹിത്യത്തിന്റെയും ശാസ്ത്രത്തിന്റെയും മക്കഃയായി വളർന്നു.

ഉമവികൾ ദമസ്കസിൽ പണിത പള്ളിയുടെ രണ്ടര മടങ്ങ് വലുപ്പമുള്ള (ഏകദേശം 800x500 അടി) ഒരു പള്ളി അബ്ബാസികൾ സാമർറായിൽ പണിതു. ക്രി. 848-852 കാലത്ത് ഖലീഫഃ അൽമുതവക്കിൽ ആണ് ഇതു പണിതത്. നൂറ്റാണ്ടുകളോളം ലോകത്തെ ഏറ്റവും വലിയ പള്ളിയായി ഇതു നിലനിന്നു. മാർബിളും ഗ്ലാസ് മൊസൈക്കും കൊണ്ട് അലങ്കരിച്ചിരുന്നു ഈ പള്ളി. മിഹ്റാബിന് എതിർവശത്ത് പിരിയാകൃതിയിൽ (**Spiral**) പണിത ഗോപുരം ഈ പള്ളിയുടെ പ്രത്യേകതയായിരുന്നു. 50 മീറ്ററായിരുന്നു ഈ ഗോപുരത്തിന്റെ നീളം. പള്ളിയാണെന്നതിനു ദൂരെ നിന്നു കാണാവുന്ന ഒരടയാളമായും പ്രതാപത്തിന്റെ ചിഹ്നമായും ആ ഗോപുരം നിലകൊണ്ടു.

സാമർറായിലെ തന്നെ അബൂദുലഫ് മസ്ജിദ് അബ്ബാസീ വാസ്തു ശില്പത്തിന് മറ്റൊരുദാഹരണമാണ്. പള്ളിക്കു പുറത്ത് മിഹ്റാബിന് എതിർവശത്തായി ഗോപുരം പണിയുന്ന സമ്പ്രദായം അബ്ബാസീ സാമ്രാജ്യത്തിലുടനീളം പ്രച രിച്ചു. ഇസ്ഫഹാനിൽനിന്ന് അബ്ബാസീ മാതൃകയിലുള്ള ഒരു വലിയ പള്ളിയുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെ ട്ടിട്ടുണ്ട്. കൈറോയിലെ ഇബ്നു ത്വൂലൂൻ (ഈജിപ്തിലെ അബ്ബാസീ ഗവർണറായിരുന്നു അഹ്മദുബ്നു ത്വൂലൂൻ) മസ്ജിദ് അബ്ബാസീ മാതൃകയിലുള്ള പള്ളിയുടെ ശേഷിക്കുന്ന ഉദാഹരണമാണ്. ക്രി. 879-ലാണ് ഇബ്നു ത്വൂലൂൻ മസ്ജിദ് പണിതത്. സാമർറായിലെ അബൂദുലഫ് പള്ളിയുമായി ഈ പള്ളിക്ക് ഏറെ സമാനതകളുണ്ട്.

ഉത്തരാഫ്രിക്കയുടെ തലസ്ഥാനമായ ഖൈറവാനിലാണ് അബ്ബാസികൾ പണിത മറ്റൊരു പ്രധാന പള്ളി. ക്രി. 836-ൽ തകർന്നുപോയ ഈ പള്ളി പിന്നീട് അഗ്‌ലബീ ഭരണാധികാരി സിയാദതുല്ലായാണ് ഇന്നുള്ള രൂപത്തിൽ പുതുക്കിപ്പണിതത്. ഖൈറവാൻ മസ്ജിദിന്റെ ഉൾഭാഗം സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്. മിഹ്റാബ് മാർബിളും ടൈൽസുംകൊണ്ടലങ്കരിച്ചിരിക്കുന്നു. ചതുരംഗപ്പലകയുടെ രീതിയിലാണ് ടൈൽസ്കൊണ്ട് ചുമർ അലങ്കരിച്ചത്. കുറഞ്ഞ ടൈൽസ്കൊണ്ട് ചുമർ മുഴുവൻ അലങ്കരിക്കുന്നതിനു വേണ്ടിയാണത്രെ ഇങ്ങനെ ചെയ്തത്.

വലിയ ജുമുഅഃ മസ്ജിദുകൾക്കു പുറമേ കലാമേന്മയുള്ള ചെറിയ നമസ്കാര പള്ളികളും നിർമിക്കപ്പെട്ടു. ഖൈറവാനിലെ മൂന്നു വാതിൽ പ്പള്ളി ഇതിനു ഉത്തമോദാഹരണമാണ്.

അബ്ബാസീ കാലഘട്ടത്തിലാണ് ഗോപുരമിനാരങ്ങൾ പള്ളികളുടെ പൊതു സൂചകമായി മാറിയത്.

അബ്ബാസികളുടെ പതന കാലത്ത് (ക്രി. 900 മുതൽ) അനേകം പ്രാദേശിക വാസ്തു വിദ്യാ സമ്പ്രദായങ്ങൾ

പ്രചാരം നേടിത്തുടങ്ങി. സ്പെയ്ൻ, ഉത്തരാഫ്രിക്ക, ഈജിപ്ത്, സിറിയ, അറേബ്യ, അനാതൂലിയ, ഇറാൻ, മധ്യേഷ്യ, ഇന്ത്യ എന്നിവിടങ്ങളിലാണ് ഈ വാസ്തു വിദ്യാ സമ്പ്രദായങ്ങൾ വളർന്നുവന്നത്. എങ്കിലും ഈ വ്യത്യസ്ത സമ്പ്രദായങ്ങളുടെ മേൽ അബ്ബാസീ സ്വാധീനം ശക്തമായിത്തന്നെ നിലനിന്നിരുന്നു. തൂണുകളുടെ നിരകൾകൊണ്ടു താങ്ങി നിർത്തിയ വിശാലമായ അകത്തളമുള്ള പള്ളികളുടെ നിർമാണ രീതി പൊതുവേ അതേപടി നിലനിന്നുപോന്നു. കൊർദോവയിൽ അബ്ദുർറഹ്മാനിദ്ദാഖിൽ പണിത പള്ളി ഒമ്പത്, പത്ത് നൂറ്റാണ്ടുകളിൽ കാര്യമായ വിപുലീകരണങ്ങൾക്കു വിധേയമായി.

ദൽഹിയിലെ ഖുവ്വതുൽ ഇസ്‌ലാം പള്ളി തൂൺ നിരകളുള്ള (**Hypostyle type**) പള്ളികളുടെ ഒരു വിശിഷ്ട മാതൃകയാണ്. 1210-നും 1229-നുമിടക്ക്, വലുപ്പം തുടക്കത്തിലുണ്ടായിരുന്നതിന്റെ മൂന്നിരട്ടി വികസിപ്പിച്ചു. ഒരു നൂറ്റാണ്ടു കഴിഞ്ഞ് അലാഉദ്ദീൻ ഖൽജി പള്ളിയുടെ വലുപ്പം വീണ്ടും മൂന്നിരട്ടി വർധിപ്പിച്ചു. ഖുത്ബ് മിനാറും കമാനാകൃതിയിലുള്ള കവാടവും പള്ളിയുടെ വാസ്തു ശില്പത്തിന് സവിശേഷമായ ഇസ്‌ലാമിക സൗന്ദര്യം അണിയിക്കുന്നു.

ഇസ്ഫഹാനിൽ നിളാമുൽ മുൽകും താജുൽ മുൽകും മനോഹരങ്ങളായ ഇസ്‌ലാമിക കലാ സൗന്ദര്യമുള്ള പള്ളികൾ പണിതവരാണ്. തൂണുകൾക്കു പകരം ഒരുവശം തുറന്ന ബാരൽ ആകൃതിയിലുള്ള കമാനങ്ങൾ-ഈവാൻ- ഇസ്ഫഹാനിലെ പള്ളികളുടെ പ്രത്യേകതയാണ്. പള്ളിക്കകത്തെ ഊഷ്മാവ് നിയന്ത്രിക്കുന്നതിന് ഈ ഈവാനുകൾ സഹായകമായി. മതാധ്യയനത്തിനും ഈവാനുകൾ ഉപയോഗിച്ചു. സൽജൂഖീ ഭരണകാലത്താണ് ഇറാനിലെ പള്ളികളിൽ ഖുബ്ബഃകൾ പ്രത്യക്ഷപ്പെട്ടത്. എന്നാൽ ഖുബ്ബഃകൾ ഏറ്റവുമധികം നിർമിക്കപ്പെട്ടത് ശവകുടീരങ്ങളിന്മേലാണ്. ബുഖാറയിലെ സാമാനീ ശവകുടീരമാണ് മുസ്‌ലിംലോകത്തെ ഏറ്റവും പഴക്കം ചെന്ന ശവകുടീരം. മധ്യേഷ്യയിലെ അബ്ബാസീ ഗവർണറായിരുന്ന ഇസ്മാഈലുബ്നു അഹ്മദി(892-907)ന്റെ മരണാനന്തരം നിർമിക്കപ്പെട്ടതാണിത്.

സ്പെയ്നിലെ അൽഹംറാഅ് ഇസ്‌ലാമിക വാസ്തു ശില്പത്തിന്റെ ഏറ്റവും മഹത്തായ തെളിവായി അവശേഷിക്കുന്നു.

ഇസ്‌ലാമിക വാസ്തു ശില്പങ്ങളിലെ വിശാലമായ ശൂന്യ സ്ഥലങ്ങൾ ഇസ്‌ലാമിന്റെ വിശാലതയെയും പ്രപഞ്ചവീക്ഷണത്തെയും പ്രതിഫലിപ്പിക്കുന്നുവെന്ന് പറയാറുണ്ട്. മിനാരങ്ങൾ വൃക്ഷങ്ങളില്ലാത്ത മരുഭൂമിയുടെ വൈരസ്യത്തെ (**Monotony**) ഭേദിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ ഏകത്വത്തെ ഉദ്ഘോഷിക്കുകയും ചെയ്യുന്നു. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകം കൂടിയത്രെ മിനാരങ്ങൾ. പ്രകാശം ക്രമീകരിക്കുന്ന വാതായന വിന്യാസങ്ങളാണ് ഇസ്‌ലാമിക വാസ്തുവിദ്യയിലെ എടുത്തുപറയാവുന്ന സവിശേഷതകളിലൊന്ന്. വർണ ഗ്ലാസുകൾ ഭംഗി മാത്രമല്ല പ്രകാശത്തിന്റെയും താപത്തിന്റെയും ക്രമീകരണം കൂടി ഉദ്ദേശിച്ചുള്ളവയാണ്.